onlineBU.com

**MS – 165**

**IV Semester B.A./B.Sc./B.C.A./B.Sc. (FAD) Examination, May 2016**
**(CBCS) (Freshers) (2015-16 and Onwards)**
**MALAYALAM LANGUAGE (Paper – IV)**

Time : 3 Hours                                                                 Max. Marks : 70

I. ഏതെങ്കിലും **നാലെണ്ണം** എഴുതുക. **(4×3=12)**

1) 'ഉറവാർന്നിടുന്നുണ്ടെൻ ചേതസ്സിങ്ക –
ലറിയാത്ത വേദനയൊന്നു മെല്ലെ'

2) 'എത്തുമല്ലോ നിങ്ങൾ വീണ്ടുമിത്തീരത്തി –
ലേറെദ്ദിനങ്ങൾ കഴിവതിൻ മുമ്പുതാൻ'

3) 'ഇതിലും വലിയതാണെന്റെ പൊന്നോമന
അതിനെത്തരികെന്റെ പൂതമേ നീ'

4) 'ഒരു തോണിപോലും വിലങ്ങിടാതെ
ഗരുഡനും മേലേ പറന്നിടാതെ'

5) 'നന്ദി പറയുന്നു നിങ്ങൾക്കു നീലച്ച
സുന്ദരിമാരേ, വിധേയമിക്കേരളം'

6) 'ഫലഭാര നമ്രതരുക്കൾ ചൂഴും
നിലയങ്ങൾ വാഴ്കും നിരന്ന തോട്ടം'

II. ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര** പുറത്തിൽ). **(2×6=12)**

1) നങ്ങേലി ഏതെല്ലാം രീതിയിലാണ് ഒരുക്കിയത് ?

2) തമിഴ് വംശജരുടെ പരിഗണനയെ കവി എങ്ങനെ വ്യക്തമാക്കുന്നു ?

3) താൻ ചെയ്തത് തെറ്റാണെങ്കിലും ആ മനുഷ്യൻ എങ്ങനെയാണ് അതിനെ ന്യായീകരിക്കുന്നത് – 'ബുദ്ധനും, ഞാനും, നരിയും' എന്ന കവിതയെ ആസ്പദമാക്കി എഴുതുക.

III. ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര** പുറത്തിൽ). **(2×6=12)**

1) സേതു തന്റെ കേന്ദ്രകഥാപാത്രത്തിന് ദേവിയെന്ന പേര് നൽകിയതിലുള്ള ഔചിത്യം വിവരിക്കുക.

2) 'ദേവി എന്നെ കാത്തിരിക്കുകയായിരുന്നുവെന്നു പറഞ്ഞത് വലിയൊരു നുണയാണ് ' – വ്യക്തമാക്കുക.

3) ദേവിയുടെ ജീവിതം വിവരിക്കുക.

**P.T.O.**

onlineBU.com



IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പേജിൽ). **(1×14=14)**

1) 'കുറ്റിപ്പുറം പാലം' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

2) പൂതത്തിന്റെ സ്വഭാവമാറ്റങ്ങൾക്ക് കാരണമെന്ത് ?'

V. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പേജിൽ). **(1×14=14)**

1) ദേവിയുടെ ബഹുഭർത്തൃത്വമോഹത്തെ അവളുടെ ഏകഭർത്തൃത്വത്തോടുള്ള പ്രതിഷേധവുമായി ബന്ധിച്ചിരിക്കുന്നതിൽ 'പാണ്ഡവപുരം' വിജയിച്ചിരിക്കുന്നു. – വിശദമാക്കുക.

2) ബഹുഭർത്തൃത്വം വഹിക്കുന്ന ഒരു കഥാപാത്രത്തെ സേതു ഇവിടെ വരച്ചു കാണിക്കുന്നുണ്ടു – അതിലെ ഔചിത്യം 'പാണ്ഡവപുരം' എന്ന കൃതിയെ അടിസ്ഥാനമാക്കി രചിക്കുക.

VI. തെരുവുനായ്ക്കളുടെ ശല്യത്തിനെതിരെ അധികാരിക്ക് ഒരു നിവേദനം തയ്യാറാക്കുക. **3**

VII. പരാവർത്തനം ചെയ്യുക. **(1×3=3)**

മണൽത്തട്ടിലയാൾ നില്ക്കെ –
ത്തോളിൽ കൈവെച്ചു മാധവൻ
ത്വൽ സുഹൃത്തിവനേല്ക്കുന്നു
വിശ്വസ്തൻ, വിശ്വസിക്ക നീ
അവിശ്വാസിനിയത്തയ്യൽ
നാളെ നിൻ ഹിതവർത്തിനി
ഉപ്പുവെള്ളം കുടിക്കാതെ
നാടെങ്ങും ചുറ്റിടാതെയും
ഞാനാണേല്പതു – കല്യാണി
നാളെ നിൻ ഹിതവർത്തിനി
അവൾക്കുവേണ്ടിത്താരുണ്യ –
ത്തഴപ്പേന്തീടുമീയുടൽ
കടൽത്തിരയിലാടുന്നു
കേറ്റുന്നു കണ്ടുവന്നവൻ
അതേ ഫലിപ്പൂ സങ്കല്പം
ചാവുന്നു ; ചത്തുപോയവൻ